DARUL HUDA ISLAMIC UNIVERSITY

### ദാറുൽഹുദാ സെക്കന്ററി ആന്റ് സീനിയർ സെക്കന്ററി എജ്യുക്കേഷൻ ബോർഡ് മീറ്റിംഗ് റിപ്പോർട്ട്

ദാറുൽഹുദാ സെക്കന്ററി ആന്റ് സീനിയർ സെക്കന്ററി എജ്യുക്കേഷൻ ബോർഡ് മീറ്റിംഗ് 03/09/2023 ഞായറാഴ്ച ഉച്ചക്ക് 2:20 മുതൽ 05:20 വരെ ദാറുൽ ഹുദാ മീറ്റിംഗ് ഹാളിൽ ചേർന്നു.

ബോർഡ് ഡയറക്ടർ ഡോ.അബ്ദുറഹ്മാൻ അരീക്കാടൻ അധ്യക്ഷത വഹിച്ചു. രജിസ്ട്രാർ ഡോ. റഫീഖ് ഹുദവി സ്വാഗതം പറഞ്ഞ യോഗം വൈസ് ചാൻസലർ ഉസ്താദ് ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി ഉദ്ഘാടനം ചെയ്തു.

ഏറ്റവും നിർണായകമായ സെക്കണ്ടറി ഘട്ടത്തിലേക്ക് നൂതനമായ പാഠ്യ പദ്ധതികൾ ആവിഷ്കരിക്കണമെന്നും ഓരോ ബോർഡ് അംഗങ്ങളും ഇതിനായി ആത്മാർത്ഥമായ ഇടപെടലുകൾ നടത്തണമെന്നും ബഹു.വൈസ് ചാൻസലർ ആവശ്യപ്പെട്ടു.

വിദ്യാർത്ഥികൾക്കായി നാം തയ്യാറാക്കുന്ന ഭാരിച്ച സിലബസ് കുറ്റമറ്റതാക്കണമെന്നും ബോർഡിന്റെ തീരുമാനങ്ങൾ ശ്രമകരമായ യത്നത്തിലൂടെ പൂർത്തീകരിക്കുന്ന കരിക്കുലം കമ്മിറ്റി അംഗങ്ങളുടെ ശ്രമങ്ങൾ ഏറെ പ്രശംസനീയമാണെന്നും ഡയറകടർ ഡോ. അബ്ദുറഹ്മാൻ അരീക്കാടൻ അറിയിച്ചു.

**പങ്കെടുത്തവർ**

1. ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി
2. യു.മുഹമ്മദ് ഷാഫി ഹാജി
3. ഡോ. റഫീഖ് ഹുദവി കരിമ്പനക്കൽ
4. ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ
5. ശാഹുൽ ഹമീദ് മാസ്റ്റർ മേൽമുറി
6. ഇബ്രാഹീം കുട്ടി മാസ്റ്റർ
7. അബ്ദുൽ ജലീൽ ഹുദവി ബാലയിൽ
8. ഹാരിസ് ഹുദവി മടപ്പള്ളി
9. പി.കെ അബ്ദുന്നാസിർ ഹുദവി
10. ഡോ. അബ്ദുർറഫീഖ് ഹുദവി പൂകൊളത്തൂർ
11. അലിഹസൻ ഹുദവി കോട്ടക്കൽ
12. മുഹമ്മദ് അലി ഹുദവി

**അജണ്ട**

1. **മുൻ യോഗ റിപ്പോർട്ട് അവലോകനം**

രജിസ്ട്രാർ ഡോ.റഫീഖ് ഹുദവി കരിമ്പനക്കൽ മുൻ യോഗ റിപ്പോർട്ട് അവലോകനം ചെയ്തു. കഴിഞ്ഞ മീറ്റിംഗിലെ ഏറെക്കുറെ എല്ലാ തീരുമാനങ്ങളും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടെന്ന് യോഗം വിലയിരുത്തി.

ദാറുൽഹുദാ വിദ്യാഭ്യാസ സംവിധാനത്തിലെ മുഴുവൻ അധ്യാപകർക്കുമായി വിഭാവനം ചെയ്ത അഞ്ച് മാസം നീണ്ടു നിൽക്കുന്ന CBP(സർട്ടിഫിക്കറ്റ് ഇൻ ബിഹേവിയറൽ പെഡഗോജി)യുടെ ആദ്യ ബാച്ചിന്റെ കോഴ്സ് പൂർത്തീകരിച്ചതും .സെക്കണ്ടറി സർട്ടിഫിക്കറ്റ് നിയോസിൽ നിന്നും SCERT

യിലേക്ക് മാറ്റിയതും, കഴിഞ്ഞ യോഗത്തിലെ നടപ്പിലായ പ്രധാന തീരുമാനങ്ങളായിരുന്നു എന്ന് രജിസ്ട്രാർ വിശദീകരിച്ചു.

സിവിൽ സർവീസ് മേഖലയിലേക്ക് നമ്മുടെ കുട്ടികളെ എത്തിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാവണമെന്ന കഴിഞ്ഞ മീറ്റിംഗിലെ നിർദ്ദേശമനുസരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ രജിസ്ട്രാർ വിശദീകരിച്ചു. ഓരോ സ്ഥാപനത്തിലെയും സീനിയർ സെക്കണ്ടറി ക്ലാസ്സുകളിൽ നിന്നും മൂന്ന് മുതൽ ഏഴ് വരെ എന്ന അനുപാതത്തിൽ ആകെ 164 വിദ്യാർത്ഥികളെ തെരഞ്ഞെടുത്തതായും KREA ഐ.എ.സ്. അക്കാദമിയോട് സഹകരിച്ചു പരിശീലനങ്ങൾ നടന്ന് കൊണ്ടിരിക്കുന്നതായും അദ്ദേഹം യോഗത്തെ അറിയിച്ചു.

വിദ്യാർത്ഥികളിൽ ഈ ട്രെൻഡ് നിലനിർത്താനും കൂടുതൽ കാഴ്ചപ്പാടുകൾ രൂപപ്പെടുത്താനും ഉന്നത വ്യക്തികളുമായി ആശയവിനിമയം നടത്താനുമുതകുന്ന രൂപത്തിൽ ത്രിദിന മെഗാ ഐ.എ.സ് ക്യാമ്പ് സംഘടിപ്പിക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

2. **കരിക്കുലം കമ്മിറ്റി നിർദേശങ്ങൾ അന്തിമമാക്കുക.**

18/09/'22 മുതൽ 04/10/'22 കാലയളവിൽ നടന്ന വിവിധ കരിക്കുലം കമ്മിറ്റി യോഗങ്ങളിലെ നിർദേശങ്ങൾ യോഗത്തിൽ അവതരിപ്പിച്ചു.

**<u>നിർദേശങ്ങളും അനുബന്ധ ചർച്ചകളും താഴെ ചേർക്കുന്നു.</u>**

## 2.1 Qura'n & Related Sciences

2.1.1 സ്ഥാപനങ്ങളിലെ ഖുർആൻ പാരായണം മികച്ചതാക്കാനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കാനും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനങ്ങൾ നൽകാനും ഖുർആൻ പാരായണ മേഖലയിൽ നിരന്തര മൂല്യനിർണയങ്ങൾ നടത്തി ആവശ്യമായ നടപടികൾക്ക് നേതൃത്വം നൽകാനും കഴിവുള്ള ഹാസിബിനെ നിയമിക്കുക.

*നിയമിക്കാനുദ്ദേശിക്കുന്ന ഹാസിബിന്റെ ജോലി വിവരണം (Job description) തയ്യാറാക്കാനും അധ്യാപകന്മാർക്കും വിദ്യാർത്ഥികൾക്കും പരിശീലനങ്ങൾ നൽകാനും സ്ഥാപനങ്ങളിലെ ഖുർആൻ പാരായണമേഖലയെ മൂല്യ നിർണയം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളാനും സാധിക്കുന്ന പ്രഗൽപനായ ഹാസിബിനെയാണ് നിയമിക്കേണ്ടതെന്നും യോഗം ആവശ്യപ്പെട്ടു.*

## 2.2 Hadith & Principles

2.2.1 മിശ്കാത്തിലെ ഉസൂലുൽഹദീസ് പാഠ ഭാഗത്തിന് തശ്ജീർ തയ്യാറാക്കുക.

*2.2.2* സെക്കണ്ടറി മൂന്ന്, നാല്, അഞ്ച് വർഷക്കാർക്കായി ഹദീസ് പഠനം, ,ചരിത്രം ഉൾകൊള്ളിച്ചുകൊണ്ടുള്ള സീരീസ് തയ്യാറാക്കുക

2.2.3 ഓരോ കിതാബിന്റെയും ടീച്ചിങ് മെത്തഡോളജി വിവരിക്കുന്ന റെക്കോർഡഡ് വീഡിയോ നിർമിക്കുക.

2.2.4 കാണാതെ പഠിക്കാനുള്ള ഹദീസുകൾ പകുതി MID-TERMനും ബാക്കി SAക്കുമായി ക്രമീകരിക്കുക.

## 2.3 Fiqh & Usul al-Fiqh

2.3.1 ഫത്ഹുൽമുഈനിലെ പാഠഭാഗങ്ങളിൽ നിർബന്ധമായും മനസ്സിലാക്കേണ്ട ആധുനിക വിഷയങ്ങളെ ഉൾകൊള്ളിച്ചു കൊണ്ട് ബാബടിസ്ഥാനത്തിലുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കുക.

2.3.2 ഫത്ഹുൽ മുഈനിന്റെ സുഖകരമായ അധ്യാപനത്തിനു വേണ്ടി തയ്യാറാക്കപ്പെട്ട തശ്ജീർ തെറ്റുകൾ തിരുത്തി അടുത്ത അധ്യയന വർഷത്തിൽ ഉപയോഗപ്രദമാക്കുക .

2.3.3 മത്നുകൾ മനഃപാഠമാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന മത്സരങ്ങൾ ഡിപ്പാർട്മെന്റുകൾ മുഖേന സംഘടിപ്പിക്കുക.

## 2.4.1 Aqidah & Thasawwuf

2.4.1 നല്ല വ്യക്തിത്വം വളർത്താനും ആത്മ ശുദ്ധി കൈവരിക്കാനും സാധ്യമാകുന്ന തരത്തിൽ ഓരോ ക്ലാസ്സിലും വായിക്കേണ്ട പുസ്തകങ്ങളും കണ്ടിരിക്കേണ്ട വീഡിയോകളുടെയും ലിസ്റ്റ് പ്രസിദ്ധീകരിക്കുക.

## 2.4 Translation & Composition

2.4.1 ടി&സി പഠിപ്പിക്കുന്ന അധ്യാപകർക്കായി ടീച്ചിങ് മെത്തഡോളജി ആസ്പദമാക്കിയ റെക്കോർഡഡ് വീഡിയോകൾ തയ്യാറാക്കുക.

2.4.2 പുതിയ അധ്യാപന രീതികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി മുഴുവൻ പുസ്തകങ്ങളുടെയും ഓരോ സെമസ്റ്ററിലെയും ആദ്യ പാഠങ്ങൾക്ക് PPP (Presentation, Practice, Production)/ PDP (Pre, During, Post) ഫ്രെയിംവർക് തയ്യാറാക്കി നൽകുകയും ബാക്കി പാഠങ്ങളിൽ അത് പിന്തുടരാൻ ആവശ്യപ്പെടുകയും ചെയ്യുക.

2.4.3 നിലവിലെ സെക്കണ്ടറി അവസാന വർഷത്തെ പാഠപുസ്തകത്തിലെ Content ആദ്യ സെമസ്റ്ററിലേക്ക് ചുരുക്കുകയും മുഴുവൻ ക്ലാസ്സുകളിലെയും അഡ്വാൻസ്ഡ് കണ്ടെന്റുകൾ അവസാന സെമസ്റ്ററിൽ ഉൾപ്പെടുത്തി പുതിയ ടെക്സ്റ്റ് ബുക്ക് തയ്യാറാക്കുകയും ചെയ്യുക.

2.4.4 ഡിഗ്രി ക്ലാസുകളിൽ നിന്നും ടി&സി ഒഴിവാക്കിയ സാഹചര്യത്തിൽ മറ്റേതെങ്കിലും വിഷയങ്ങളിൽ നിന്നും ഒരു പിരിയഡ് ലഭിക്കുകയാണെങ്കിൽ നിലവിലുള്ള രണ്ട് പീരിയഡ് മൂന്നായി വർധിപ്പിക്കൽ ഉചിതമായിരിക്കും.

## 2.5 Arabic

2.5.1 മൂന്നാം ക്ലാസ്സിലെ തൈസീറുൽ വിൽദാനിനു വർക്ബുക് തയ്യാറാക്കുക.

2.5.2 ഔട്ട് കം ഓറിയന്റഡ് ആയ വിഡിയോകൾ സിലബസ്സിൽ ഉൾപെടുത്തുക.

2.5.3 ഈ വർഷം നടപ്പിലാക്കിയ അറബിക് ഫോർ ആളിന്റെ പാഠപുസ്തക സീരീസ്, നിലവിലെ അറബിക് പുസ്തകം നിലനിർത്തലോട് കൂടെ തുടർക്ലാസ്സിലും നടപ്പിൽ വരുത്തുക.

## 2.6 English

2.6.1 ഭാഷാ പഠനത്തിന് പുതിയ മെത്തഡോളജി അടിസ്ഥാനമാക്കി തയ്യാറാക്കപ്പെട്ട പുസ്തകങ്ങൾ ഉൾപ്പെടുത്തുകയും അധ്യാപർക്ക് പ്രതേക പരിശീലനം നൽകുകയും ചെയ്യുക.

2.6.2 ഇംഗ്ലീഷ് ഭാഷ പഠനത്തിനായി നിർബന്ധമായും വായിച്ചിരിക്കേണ്ട പുസ്തകങ്ങളുടെ ലിസ്റ്റ് ക്ലാസടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുക.

2.6.3 സെക്കണ്ടറി ആദ്യ വർഷത്തെ പാഠപുസ്തകം (ESL ) പരിഷ്കരിക്കുക.

## 2.7 Urdu

2.7.1 മുഴുവൻ ക്ലാസ്സുകളിലേക്കും ഔട്ട് കം ഓറിയന്റഡ് ആയ വീഡിയോകൾ കണ്ടെത്തുക.

2.7.2 ഉറുദു ഭാഷ പഠനത്തിനായി നിർബന്ധമായും വായിച്ചിരിക്കേണ്ട പുസ്തകങ്ങളുടെ ലിസ്റ്റ് ക്ലാസടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുക.

2.7.3 ഗ്രാമർ പുസ്തകമായ ഗുൽസാറെ ഉറുദു അപ്ഡേറ്റ് ചെയ്യുക.

2.7.4 ഫാരിസി ഭാഷക്കായി നിലവിലുള്ള പാഠപുസ്തകം മാറ്റുകയും അഭ്യാസങ്ങളും പഠന പ്രവർത്തനങ്ങളും അടങ്ങിയ പുതിയ പാഠ പുസ്തകങ്ങൾ കണ്ടെത്തുകയും ചെയ്യുക.

2.7.4 സെക്കണ്ടറി മുഴുവൻ ക്ലാസുകളിലും ഹിന്ദി ഉൾപ്പെടുത്തുക.

## 2.8 Islamic History

2.8.1 S1 മുതൽ S4 വരെ നിലവിലെ ഖസസുന്നബിയ്യീൻ പാഠപുസ്തകത്തിനു പകരം ചരിത്ര പഠനത്തിന് കൂടുതൽ അവസരം നൽകുന്ന പുസ്തകങ്ങൾ തയ്യാറാക്കുക.

2.8.2 സെക്കണ്ടറി, സീനിയർ സെക്കണ്ടറി ക്ലാസ്സുകളിൽ (V.VI,VII) നിലവിൽ നൽകപ്പെടുന്ന മൊഡ്യൂളുകൾക്ക് പകരം മെറ്റീരിയൽസ് തന്നെ വിതരണം ചെയ്യുക.

2.8.3 ഇസ്ലാമിക ചരിത്രത്തിൽ അവഗാഹം ഉള്ളവരെ തന്നെ അധ്യാപകരായി നിയമിക്കാൻ സ്ഥാപനങ്ങളോട് ആവശ്യപ്പെടുക.

## 2.9 Social Sciences

2.9.1 മുഴുവൻ ക്ലാസ്സുകളിലെയും എല്ലാ പാഠങ്ങൾക്കും MCQ തയ്യാറാക്കുക.

2.9.2 സോഷ്യൽ സയൻസിനെ കൂടുതൽ ജനകീയമാക്കാനും കാലികമായ വിഷയങ്ങളോട് എങ്ങനെ അത് ചേർന്ന് നിക്കുന്നു എന്ന് വിവരിക്കാനും നിപുണനായ ഫാക്കൽറ്റികളെ ഉപയോഗപ്പെടുത്തി വർക്ഷോപ്പ് സംഘടിപ്പിക്കുക.

2.9.3 ഉറുദു വിഭാഗം ആദ്യ വർഷ വിദ്യാർത്ഥികൾക്കായി തയ്യാറാക്കപ്പെട്ട ടെക്സ്റ്റ്ബുക്ക് അപ്ഡേറ്റ് ചെയ്യുക.

## 2.10 Mathematics

2.10.1 സെക്കണ്ടറി ആദ്യ വർഷത്തെ ടെക്സ്റ്റ് ബുക്ക് അപ്ഡേറ്റ് ചെയ്യുക.

2.10.2 വിദ്യാർത്ഥികൾക്ക് കണക്കിനോട് താല്പര്യം ഉളവാക്കുന്ന മത്സരപരിപാടികൾ, വർക്ഷോപ്പുകൾ എക്സ്പോ തുടങ്ങിയവ ഉൾപ്പെടുത്തി പദ്ധതികൾ രൂപീകരിക്കാൻ സ്ഥാപനങ്ങളോട് ആവശ്യപെടുക.

## 2.10 Natural Sciences

2.10.2 പ്രാക്ടിക്കലിന് മാന്വൽ തയ്യാറാക്കുക

2.10.2 കുട്ടികൾക്ക് സയൻസിനോട് കൂടുതൽ താൽപര്യം ഉണ്ടാവാനും ദഅവീ മേഖലകളിലും ദൈനം ദിന ജീവിതത്തിലും സയൻസ് എങ്ങനെ ബന്ധപ്പെട്ടു കിടക്കുന്നു എന്ന സന്ദേശം കൈമാറുന്ന തരത്തിലുമുള്ള ഓറിയയെന്റ്ഷനുകളും എക്സിബിഷനുകളും ശാസ്ത്രമേളകളും സംഘടിപ്പിക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സ്ഥാപനങ്ങൾക്ക് നൽകുക

2.10.3 SSLC വിഷയങ്ങൾക്ക് MCQ തയ്യാറാക്കുക

## 2.11 Information Technology

2.11.1 കംപ്യൂട്ടർ പഠനത്തിന് ഓരോ സ്ഥാപനത്തിലും നിലവിൽ നിർദ്ദേശിച്ച കംപ്യൂട്ടറുകളുടെ എണ്ണം താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾ എന്ന മാനദണ്ഡത്തിൽ മതിയായതല്ല. കൂടാതെ വിദ്യാർത്ഥികളുടെ ഭാഷാ പരിപോഷണത്തിനാവശ്യമായ ഓഡിയോ വിഷ്വൽ ലാബായിട്ടും ഡിജിറ്റൽ റഫറൻസ് ലൈബ്രറിയായിട്ടും സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ഒഫീഷ്യൽ ആവശ്യങ്ങൾക്കു വേണ്ടിയും ഈ കംപ്യൂട്ടറുകൾ തന്നെയാണ് മിക്ക സ്ഥാപനങ്ങളും ഉപയോഗിക്കുന്നത്. ആയതിനാൽ പഠനേതര ആവശ്യങ്ങൾക്കെങ്കിലും കൂടുതൽ കംപ്യൂട്ടറുകൾ സംവിധാനിക്കാനും ഡിഗ്രി ക്ലാസ്സുകൾക്ക് നിയന്ത്രണ വിധേയമായി ലാപ് ടോപ്പുകൾ അനുവദിക്കാനും നിർദ്ദേശിക്കുക.

2.11.2 SSLC, SCERT ആയ പശ്ചാത്തലത്തിൽ മുഴുവൻ ക്ലാസ്സുകളിലെയും സിലബസുകൾ ക്രമീകരിക്കുക. കമ്പ്യൂട്ടർ പഠനം കൂടുതൽ സുഖകരവും ക്രിയാത്മകവുമാക്കാൻ ലാബുകളിൽ നിരന്തരം മോണിറ്റർ ചെയ്യാൻ കഴിയുന്ന രൂപത്തിൽ നിയന്ത്രണ വിധേയമായി നെറ്റ് സൗകര്യം ഏർപ്പെടുത്തുക.

2.11.3 എല്ലാ ക്ലാസ്സുകളിലെയും SA പരീക്ഷയുടെ 70 മാർക്കിനെ 40 പ്രാക്ടിക്കലിന്റെയും 30 എഴുത്ത് പരീക്ഷയുടെയും മാർക്കായിട്ട് ക്രമീകരിക്കുക. സ്ഥാപനങ്ങളിലെ കമ്പ്യൂട്ടറിന്റെ പരിമിതി പരിഗണിച്ചു IT പരീക്ഷകൾ ഓരോ ക്ലാസ്സിന്റെയും വ്യത്യസ്ത ദിവസങ്ങളിൽ സ്കെടൂൾ ചെയ്യുക.

2.11.4 IT രംഗത്തെ പുതിയ പ്രബോധന സാധ്യതകൾ ചർച്ച ചെയ്യാനും ഇസ്‌ലാമിക വിജ്ഞാന മേഖലകളെ AI പോലോത്തെ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി എങ്ങനെ പ്രസരിപ്പിക്കാനാവുമെന്ന് ആലോചിക്കാനും ഹുദവി ടെക്കുകളെയും സമാന ചിന്തകരെയും ഉൾപ്പെടുത്തി IT സെമിനാർ സംഘടിപ്പിക്കുക.

## 2.12 പൊതു ചർച്ചകൾ

2.12.1 MLOs: മുഴുവൻ വിഷയങ്ങൾക്കും സെമസ്റ്റർ/ മാസം അടിസ്ഥാനത്തിൽ ലേണിംഗ് ഔട്ട് കം തയ്യാറാക്കുക.

2.12.2 Fixed activities for CCE: CCE ഉൾപ്പെടുത്തിയ വിഷയങ്ങൾക്ക് ആക്ടിവിറ്റികൾ നിർണയിച്ചു നൽകുക.

2.12.3 Model Question**:** സെക്കണ്ടറി ആദ്യ വർഷത്തെ മുഴുവൻ വിഷയങ്ങൾക്കും ചോദ്യപേപ്പർ പാറ്റേണോട് കൂടെ മോഡൽ ചോദ്യപേപ്പറുകളും പ്രസിദ്ധീകരിക്കുക.

2.12.4 Focus on Languages: സെക്കണ്ടറി ക്ലാസ്സുകളിൽ ഭാഷാ പഠനത്തിന് കൂടുതൽ ഊന്നൽ നൽകുക. ഇതിനായി പ്രഗൽഭരായ അധ്യാപകരെ നിയമിക്കൽ, പുതിയ അധ്യാപനരീതികൾ പരിചയപ്പെടുത്താനുള്ള വർക്ഷോപ്പുകൾ, ക്രമാനുസൃതമായി വിദ്യാർത്ഥികളുടെ ഭാഷാ പുരോഗതി വിലയിരുത്താനുള്ള ടൂളുകൾ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിക്കുക.

2.12.4 Examination: ചോദ്യപ്പേപ്പറുകൾ കൂടുതൽ ഉത്തരവാദിത്തത്തോടെ തയാറാക്കാൻ ചോദ്യപേപ്പർ നിർമാണത്തിന് റെമ്യൂണറേഷൻ ഏർപ്പെടുത്തുകയും ആൻസർകീ വേണമെന്ന നേരത്തെയുള്ള

തീരുമാനം കാര്യക്ഷമമാക്കുകയും മൂല്യനിർണയം കൂടുതൽ ഫലവത്താവാനാവശ്യമായ നടപടികൾ സ്വീകരിക്കുകകയും ചെയ്യുക

### 3. സെക്കണ്ടറി പബ്ലിക് എക്സാം

കേരളത്തിലെ സ്ഥാപനങ്ങളിൽ ഈ വർഷം മുതൽ സെക്കണ്ടറി പബ്ലിക് എക്സാമിനായി എസ്.സി.ആർ.ടിയോ നിയോസോ തെരെഞ്ഞെടുക്കാമെന്ന തീരുമാന പ്രകാരം ഏറെക്കുറെ മുഴുവൻ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളും SCERT എക്സാം ആണ് എഴുതുന്നത്. കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ നേരത്തെ അതതു സംസ്ഥാന ബോർഡുകളുടെ പരീക്ഷകളാണ് നടത്താറുള്ളത്.

ഈ വർഷം SSLC പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ മികച്ച വിജയത്തിനായി ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് യോഗം ആവശ്യപ്പെട്ടു. ഇതിനായി വിവിധ സ്ഥാപനങ്ങളിൽ വെച്ച് നടത്തപ്പെട്ട കഴിഞ്ഞ ഓണപ്പരീക്ഷയുടെ സ്റ്റാറ്റസ് എടുക്കണമെന്നും റിസൾട്ടുകൾ വിലയിരുത്താൻ സ്ഥാപങ്ങളോട് ആവശ്യപ്പെടാനും ധാരണയായി.

വിദ്യാർത്ഥികളുടെ സിലബസും വാർഷിക പരീക്ഷയും SSLC പരീക്ഷയുടെ തയ്യാറെടുപ്പുകൾക്ക് സുഖകരമാകുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ടെന്നും അധ്യാപകർക്ക് ഓറിയന്റഷൻ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും കൂടുതൽ കേന്ദ്രീകൃത അസ്സസ്സ്മെന്റ് രീതികൾ ആലോചിക്കുന്നുണ്ടെന്നും അക്കാഡമിക് കോർഡിനേറ്റർ വിശദീകരിച്ചു.

അടുത്ത വർഷം സെക്കണ്ടറി നാലാം ക്ലാസ്സ് മുതൽ തന്നെ SCERTയിലേക്ക് മാറുന്നത് ഉചിതമാകുമെന്ന കരിക്കുലം കമ്മിറ്റിയുടെ നിർദേശം യോഗം ശരിവെച്ചു.

### 4. സെക്കണ്ടറി പുനഃക്രമീകരണം

സെക്കണ്ടറി, സീനിയർ സെക്കണ്ടറി ക്ലാസുകളിലെ സിലബസും അധ്യാപന പഠന രീതികളും കാലാനുസൃതമായി പുനഃക്രമീകരിക്കുന്നതിനെ കുറിച്ച് യോഗം ചർച്ച ചെയ്തു.

എല്ലാ വിഷയങ്ങൾക്കും ആക്ടിവിറ്റി അടിസ്ഥാനപ്പെടുത്തിയുള്ള പാഠപുസ്തകങ്ങൾ, ഭാഷാ പഠനത്തിന് കൂടുതൽ ഊന്നൽ നൽകിയുള്ള സിലബസ് ഫ്രെയിം, ഏറ്റവും നൂതനമായ പഠനാന്തരീക്ഷം, അധ്യാപന രീതികൾ, പുതിയ സമയക്രമം തുടങ്ങി മുഴുവൻ മേഖലകളിലെയും സമഗ്രമായ മാറ്റങ്ങളാണ് ഈ കാലയളവിൽ കൊണ്ട് വരേണ്ടതെന്ന് യോഗം അഭിപ്രായപ്പെട്ടു.

ദാറുൽഹുദാ സംവിധാനത്തിൽ കൂടുതൽ സേവനം ചെയ്തവരെയും ഹുദവികളും അല്ലാത്തവരുമായ വിദ്യാഭ്യാസ വിചക്ഷണരെ വിളിച്ചു വരുത്തി കൂടുതൽ ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ യോഗം നിർദേശിച്ചു.

## 5. പൊതു ചർച്ചകൾ

5.1 സഹ്റവിയ്യ കോഴ്സിന്റെ സിലബസും പരീക്ഷാ രീതികളും പൂർണമായും പുനഃക്രമീകരണം നടത്താൻ ഉദ്ദേശിക്കുന്ന വിവരം കോർഡിനേറ്റർ നജീബ് ഹുദവി യോഗത്തെ അറിയിച്ചു. ഇതിനായി രൂപീകരിച്ച പ്രതേക സമിതി തയ്യാറാക്കിയ കരട് രേഖ അദ്ദേഹം യോഗത്തിൽ അവതരിപ്പിച്ചു. മാറ്റങ്ങൾ അടുത്ത അക്കാദമിക വർഷം പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

5.2 സെക്കണ്ടറി കാലയളവ് ഭാഷാ പഠനത്തിന് കൂടുതൽ ഊന്നൽ നല്കുന്നതാവണമെന്നും ഈ വർഷം അറബി ആദ്യ വർഷ ക്ലാസ്സുകളിൽ നടപ്പിലാക്കിയ അറബിക് ഫോർ ആളിന്റെ ടെക്സ്റ്റ് ബുക്ക് പോലോത്തത് കണ്ടെത്തി മറ്റു ഭാഷകളിലും ഉൾപ്പെടുത്തുകയും ചെയ്യുക .

5.3 ദാറുൽ ഹുദാ സ്റ്റുഡന്റസ് വെൽഫെയർ ഓഫീസിനു കീഴിൽ വിദ്യാർത്ഥികളുടെ അഭിരുചികൾ കണ്ടെത്തി അവർക്ക് മാർഗ നിർദേശങ്ങൾ നൽകാൻ വേണ്ടി നടത്താൻ ഉദ്ദേശിക്കുന്ന ആപ്റ്റിട്യൂട് ടെസ്റ്റിന്റെ രൂപ രേഖ കോർഡിനേറ്റർ മുഹമ്മദ് അലി ഹുദവി അവതരിപ്പിച്ചു. ആദ്യ ഘട്ടത്തിൽ

സെക്കണ്ടറി അവസാന വർഷ വിദ്യാർത്ഥികളുടെ ടെസ്റ്റ് നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും കേരള ഗവണ്മെന്റ് ഡെവലപ്പ് ചെയ്ത ടൂൾ ആണ് ഉപയോഗിന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

5.4 നിലവിലെ നമ്മുടെ സംവിധാനങ്ങൾക്ക് തടസ്സമാകാത്ത രീതിയിൽ പഠനം സ്വയം ഉത്തരവാദിത്തത്തോടെ ഉറപ്പ് വരുത്തുമെന്ന വ്യവസ്ഥയിൽ ഈ വർഷം പ്ലസ് വൺ പരീക്ഷ സയൻസ് എടുത്ത വിദ്യാർത്ഥികൾക്ക് അവരുടെ സയൻസ് വിഷയങ്ങളിലെ മാർക്ക് സ്ഥാപനത്തിന്റെ ഹ്യൂമാനിറ്റീസിന്റെ മാർക്കിനോട് തുല്യമായി പരിഗണിക്കലാണ് ഉചിതമെന്നും രണ്ടു വിഷയങ്ങളും അവർ പഠിക്കേണ്ടതില്ലെന്നും യോഗം ചർച്ച ചെയ്തു. ഈ വിഷയം അതത് സ്ഥാപനത്തിലെ പ്രിൻസിപ്പൽമാരെ അറിയിക്കാനും ധാരണയായി.

.

അക്കാദമിക് കോർഡിനേറ്റർ അലിഹസൻ ഹുദവി നന്ദി പ്രകാശിപ്പിച്ചു.

വൈകുന്നേരം 5:20 ന് യോഗം സമാപിച്ചു

***Prepared by:***

**Dr. Rafeeq Hudawi Karimpanackal**
*(Academic Registrar, DHIU)*

***Approved by:***

**Dr. Abdurahman Areekadan**
*(Director, DHIU Secondary & Sr. Secondary Education Board)*

DARUL HUDA ISLAMIC UNIVERSITY
Kerala, India
676 306
CHEMMAD, MALAPPURAM